കഴിയുന്നതും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒത്തുതീർപ്പിനുവേണ്ടി കൂടുതൽ ശ്രമങ്ങൾ നടത്തുന്നതായിരിക്കും. അത് പരാജയപ്പെട്ടാൽ അത് അഡ്ജുഡിക്കേഷനു വിടുകയോ മറ്റ് മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുകയോ ചെയ്യുന്നതായിരിക്കും.

IV. റിപ്പോർട്ട് സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22—ാമതു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22—ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

ശ്രീ. എം. വി. രാഘവന്റെ സബ്മിഷൻ:

ശ്രീ. എം. വി. രാഘവൻ: സർ, മാവൂർ ഫാക്ടറിക്കടുത്തുള്ള ചാലിയാർ പുഴയിലെ വെള്ളം വിഷമയമാണ്. ആ പുഴയിലെ മൽസ്യങ്ങൾ മാത്രമല്ല, നീർനായവരെ ചത്ത് പൊങ്ങാൻ തുടങ്ങിയിരിക്കുകയാണ്. പശുക്കളും എരുമകളും ആ പുഴയിൽനിന്നും വെള്ളം കുടിച്ചിട്ട് ചത്ത് പൊന്തുകയാണ്. മനുഷ്യരും ചത്ത് പൊന്തിയാൽ മാത്രമേ ഈ ഗവൺമെന്റിനു അതിനെപ്പറ്റി എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ സഭയിൽത്തന്നെ ശ്രദ്ധക്ഷണിക്കലും മറ്റും വന്നതാണ്. മന്ത്രി ഇതിനെ സംബന്ധിച്ച് മറുപടി പറഞ്ഞുകഴിഞ്ഞതാണ്. ഇവിടെ ഒരു വാട്ടർ പൊല്യൂഷൻ ബോർഡുണ്ട്. മാലിന്യങ്ങൾ തടയാൻ ആണെന്നാണ് പറയുന്നത്. പക്ഷെ അവർ ബിർളായുടെ ശിപായിമാരായിട്ടുനിന്ന് ബിർളാ പറയുന്നത് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അവർ മാലിന്യം തടയുകയല്ല മാലിന്യം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റിനു ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ആ കുത്തക മുതലാളി രാജ്യത്തെ ജനങ്ങളുടെ ജീവിതം തന്നെവിഷമയമാക്കത്തക്കവിധത്തിൽ അവിടെ ഭൂമിയിൽ അണ്ടർ ഗ്രൗണ്ടായി ഒരു കനാൽ നിർമ്മിക്കുകയാണ്. മാലിന്യങ്ങൾ മുഴുവൻ ആ നദിയിൽ കലക്കാനുള്ള ഏർപ്പാടുകളാണ് അവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് തടയാനുള്ള യാതൊരു ഏർപ്പാടും ഇല്ല. ഇപ്പോൾ ബിർളാ മുതലാളിതന്നെ ഈ പുഴയിലെ ജലം വിഷമയമാണെന്ന് സമ്മതിച്ചിട്ടുണ്ട്. ഇത് തടയുന്നതിന് ആധുനികമായ പല ഏർപ്പാടുകളും ഉണ്ട്. ബിർളായുടെതന്നെ ഗോവായിലെ രാസവളം നിർമ്മാണ ഫാക്ടറിയിൽ ഇത് തടയാനുള്ള ഏർപ്പാടുകൾ ഉണ്ട്. കേരളക്കാർ ഒന്നിനും കൊള്ളരുതാത്തവരായതുകൊണ്ടാണോ ഈ കുത്തകമുതലാളി ജനങ്ങൾക്കെതിരായി ഈ ദ്രോഹം ചെയ്യുന്നത്. ഇത് തടയുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അതിനുള്ള നട്ടെല്ല് ഈ ഗവൺമെന്റിനുണ്ടോ? അവിടെ മനുഷ്യന്റെ ജീവനുകൂടി അപകടകരമായ സ്ഥിതിയാണ് ഉള്ളത്. ഒരു നദി മുഴുവൻ വിഷം കലക്കുകയെന്നുള്ള ഒരു ഫാക്ടറി ഉടമയുടെ താന്തോന്നിത്തം കണ്ടു നിൽക്കുകയാണ്. ഇത് കേരളത്തിനു ലജ്ജാകരമാണ്. ഇത് തടയാൻ എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറുണ്ടോയെന്നാണറിയേണ്ടത്.

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ): സർ, സംഘർഷയോക് സൈഡ് പൈപ്പ് പൊട്ടിയതിന്റെ ഫലമായിട്ടാണ് വിഷജലം പുഴയിൽ ഒഴുകിയതും മൽസ്യങ്ങൾ ചത്തുപോയതും

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർപൊല്ലൂഷൻ കൺട്രോൾ ബോർഡിലെ ഉദ്യോഗസ്ഥൻമാരെ അവിടെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ബോർഡിലെ ഉദ്യോഗസ്ഥൻമാർ രാത്രിയിൽ ഉണ്ടായിരുന്നു. ഫാക്ടറിക്കകത്തുള്ള ഒരു പൈപ്പ് പൊട്ടിയതായി അവരാണ് വെളുപ്പാൻകാലത്ത് കണ്ടുപിടിച്ചത്. അത് വളരെവേഗം അടയ്ക്കുകയും ചെയ്തു. പുഴയിൽ ഇപ്പോഴും മലിനജലമുണ്ടെന്നു പറയുന്നത് ഗ്രീറിംഗ് പ്ലാൻറ് കംപ്ലീറ്റ് ആകാത്തതുകൊണ്ടാണ്. അതിനെതിരായി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. സെൻട്രൽ വാട്ടർപൊല്ലൂഷൻ ആക്ട് അനുസരിച്ച് നടപടിയെടുക്കുവാൻ മാത്രമേ സ്റ്റേറ്റ് ഗവൺമെൻറിന് കഴിയൂ. അതിനെക്കുറിച്ച് പരിശോധിച്ച് കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതാണ്. നിയമമനുസരിച്ച് ഒരു മാസത്തെ നോട്ടീസ് കൊടുക്കണമെന്നുണ്ട്. ആ ഒരു മാസത്തിനകം അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാം. അപ്പീൽ പെറ്റീഷൻ തന്നിരിക്കുകയാണ്. അതുകൊണ്ട് ഇത് ഡിസ്പോസ് ചെയ്തിട്ടുവേണം പ്രോസിക്യൂഷൻ നടപടി പ്രോസീഡ് ചെയ്യാൻ. നിയമത്തിന്റെ പരിധിയിൽ പറയുന്ന വ്യവസ്ഥയനുസരിച്ചുള്ള എല്ലാ നടപടികളും പ്രോസീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. പൊട്ടിയ പൈപ്പ് അടച്ചിട്ടുണ്ട്. ഇപ്പോൾ ആ സ്ഥിതിവിശേഷമില്ല.

V. നിയമനിർമ്മാണകാര്യം

(i) 1979—ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ ഉദ്യോഗകാലാവധി ദീർഘിപ്പിക്കൽ) ബിൽ

ശ്രീ. കെ. അനിരുദ്ധൻ: സർ, ഞാൻ ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ പ്രോദ്യം ചെയ്യുകയും അവതരണത്തെ എതിർക്കുകയുമാണ് ജനാധിപത്യക്രമത്തിൽ ഇത്തരം സംഗതികൾ വേണമെന്നാണ് ഇതിൽ ആമുഖമായി പറഞ്ഞിരിക്കുന്നത്. ജനാധിപത്യ ക്രമത്തിന് ചില പ്രാഥമിക പാഠങ്ങൾ ഉണ്ട്. ആ പാഠം കൊച്ചുകുട്ടികൾ പഠിക്കുന്നത് ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസംവിധാനം എന്നാണ്. നിയമത്തിൽ പറഞ്ഞിട്ടുള്ളത് അഞ്ചഞ്ച് കൊല്ലം കൂടുമ്പോൾ ഇതിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് നടത്തണം എന്നാണ്. അഞ്ചുകൊല്ലം കഴിഞ്ഞ്, ഒരുപക്ഷേ വേണ്ടിവന്നാൽ, അസാധാരണമായി എന്തെങ്കിലും കാര്യമുണ്ടായാൽ അഞ്ചാറ് മാസത്തേക്ക് നീട്ടിക്കൊടുക്കാം. എന്നാൽ ഇവിടത്തെ ചരിത്രം നോക്കിയാൽ അങ്ങനെയുള്ള നീട്ടലല്ല നടന്നിട്ടുള്ളത്. ഇവിടെ അതിനെക്കുറിച്ച് പല ചർച്ചകളും നടന്നിട്ടുള്ളതുകൊണ്ട് അത് ഞാൻ റിപ്പീറ്റ് ചെയ്യാനുദ്ദേശിക്കുന്നില്ല. നീട്ടിക്കൊണ്ടു പോകുന്നതിന്റെ പിന്നിൽ അസാമാന്യമായ, മര്യാദകെട്ട, രാഷ്ട്രീയ ഉദ്ദേശ്യങ്ങളും കൈകടത്തലുകളും ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് കോഴിക്കോട്ടെ സ്വയംഭരണസ്ഥാപനം എടുക്കാം. കോർപ്പറേഷനിലെ ഭൂരിപക്ഷകക്ഷികൾ ചേർന്ന് മേയറെ തെരഞ്ഞെടുക്കുവാൻ ഒരുങ്ങി. മേയറെ തെരഞ്ഞെടുക്കുവാനൊരുങ്ങിയപ്പോൾ അവിടെ ഉണ്ടായിരുന്ന ഭരണകക്ഷിയിൽപെട്ടവർ ഇറങ്ങിപ്പോയി. ഇറങ്ങിപ്പോയപ്പോൾ എന്തുണ്ടായി? നിയമപ്രകാരം കമ്മീഷണർ കളക്ടറെ ക്ഷണിച്ചുവരുത്തും, കളക്ടർ സത്യവാചകം ചൊല്ലി കൊടുക്കണം. എന്നാൽ സത്യവാചകം ചൊല്ലിക്കൊടുക്കരുതെന്നു പറഞ്ഞുകൊണ്ട് തിരുവനന്തപുരത്തുനിന്നും ഒരു നിർദ്ദേശം വന്നതായിട്ടാണ് അറിഞ്ഞത്. കളക്ടർ സത്യവാചകം ചൊല്ലി കൊടുക്കാതെ വന്നപ്പോൾ അവർ എന്തു ചെയ്തു? അവർ കോടതിയിൽപോയി.

LIBRARY ARCHIVES Kerala Legislative Assembly